**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1708** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ഡോ. ആർ ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകളും സ്ഥാപനങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ 9 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജു കളിലായി 65 കോഴ്സുകളും, 20 എയ്ഡഡ് കോളേജുകളിലായി 177 കോഴ്സുകളും നിലവിലുണ്ട്. ഇതിൽ 17 കോളേജുകളിലായി 17 കോഴ്സുകൾ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സർക്കാർ അനുവദിച്ചതാണ്. മലപ്പുറം ജില്ലയിൽ പശ്ചാത്തല സൗകര്യം ഇപ്പോൾ ലഭ്യമല്ലാത്തതിനാലും, രണ്ട് എയ്ഡഡ് കോളേജുകൾ നിലവിലുള്ളതിനാലും, സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാലും പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. |
| (ബി) | മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് അസാപ് സ്കിൽ പാർക്കിൽ മണ്ഡലത്തിലെ വിദ്യാർഥികൾക്കും പാണ്ടിക്കാട് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർഥികൾക്കും ഉപകരിക്കുന്ന കോഴ്സുകൾ സൗജന്യമായി പഠിക്കുന്നതിനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മലപ്പുറം ജില്ലാ ഭരണകൂടവും പട്ടികജാതി വികസന വകുപ്പുമായും സഹകരിച്ച് മഞ്ചേരി മണ്ഡലത്തിലെയും സമീപ പ്രദേശങ്ങളിലെയും പട്ടികജാതി വിഭാഗത്തിലുള്ള 150 വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിൽ സൗജന്യ പരിശീലനം അസാപ് ഈ വർഷം ഇതുവരെ നൽകിയിട്ടുണ്ട് (അക്കൗണ്ട്സ് എക്സിക്യൂട്ടീവ്, പേയബിൾസ് & റിസീവബിൾ സ് - 45, ജി.എസ്.ടി. അക്കൗണ്ട്സ് അസിസ്റ്റന്റ് യൂസിംഗ് ടാലി - 60, ക്രാഫ്റ്റ്ബേക്കർ - 20, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ് - 25) വിജയകരമായി കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തൊഴിൽ കണ്ടെത്തുവാ നുള്ള സഹായങ്ങളും അസാപ് നൽകിയിട്ടുണ്ട്.<br><br>കൂടാതെ, വിവിധ വകുപ്പുകളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണ ത്തോടെ ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് വിവിധ സൗജന്യ പരിശീലനപരിപാടികൾ ഭാവിയിലും നടത്തുന്നതിനുള്ള നടപടികൾ അസാപ് സ്വീകരിച്ചു വരുന്നുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (സി) | മഞ്ചേരി പോളിടെക്നിക് കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിനായി പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള 11,50,00,000/- രൂപയുടെ (പതിനൊന്ന് കോടി അൻപത് ലക്ഷം) പ്രൊപ്പോസൽ NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് ജി.ഒ.(പി)26/2018/ധന, തീയതി 03.02.2018 ഉത്തരവ് പ്രകാരമുള്ള എല്ലാ സർട്ടിഫിക്കറ്റുകളും, പൊതുമരാമത്ത് വകുപ്പ് DSR 2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുവാൻ സർക്കാർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ